YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി -ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ ധനസഹായം അനുവദിച്ച് - ഉത്തരവാകുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

**സ.ഉ.(കൈ) നം.105/2023/RD തീയതി, തിരുവനന്തപുരം, 11-05-2023**

---

**പരാമർശം:**-ആലപ്പുഴ ജില്ലാ കളക്ടറുടെ 23.02.2023-ലെ DCALP-1831/2023-N1 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട കുമാരി നിദാഫാത്തിമയുടെ കുടുംബം അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിലെ സ്ഥിര താമസക്കാരാണെന്നും കുമാരി. നിദാഫാത്തിമയുടെ പിതാവ് ശ്രീ. ഷിഹാബുദ്ദീൻ (37 വയസ്സ്) ഓട്ടോ ഡ്രൈവറും മാതാവ് അൻസില (32 വയസ്സ്) തൊഴിൽരഹിതയുമാണെന്നും ടിയാന്റെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണ് എന്നും പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

3) വിതരണത്തിനാവശ്യമായി വരുന്ന തുകയായ **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്. .

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ .എ .ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, ആലപ്പുഴ.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

സ.ഉ.(കൈ) നം.105/2023/RD

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

കായിക യുവജനകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ്. (10.05.2023 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം നം.1509)

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്

റവന്യൂ ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്-ബി വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-05-2023**

ഫയൽ നം. 94/ഡി.ആർ.എഫ്.-എ4/2023/റവന്യൂ. ഇനം നം: 1509

വിഷയം : റവന്യൂ വകുപ്പ് - ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെവെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധന സഹായം അനുവദിക്കുന്നത്.

തീരുമാനം : അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

11/5/23

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

11/5/23

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 94/ഡി.ആർ.എഫ്.-എ 4/2023/റവന്യൂ |
| 2 | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്.-സി )വകുപ്പ്. |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.04.2023. |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(II) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | :<br><br>: | അതെ<br><br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല<br><br>ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. രാരി രാജൻ |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.04.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.05.2023 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.05.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.05.2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് കുറിപ്പിലെ വിഷയം.

2. കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് പരമാവധി ധനസ്ഹായം അനുവദിച്ചു നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് അമ്പലപ്പുഴ എം.എൽ,എ. ശ്രീ. എച്ച്. സലാം ബഹു. മത്സ്യബന്ധന കായിക വഖഫ്-ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് സ്ഹായം നൽകുന്നതിന് കായിക വികസന നിധിയിൽ തുകയില്ലാത്തതിനാൽ അടിയന്തിരമായി തുക അനുവദിക്കാൻ കഴിയില്ല എന്നതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതു സംബന്ധിച്ച തീരുമാനത്തിനായി കായിക യുവജനകാര്യ വകുപ്പ് ബഹു. മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ബഹു. മുഖ്യമന്ത്രി ഉത്തരവായി.

'ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം റവന്യൂ വകുപ്പ് മുഖാന്തിരം ഫയൽ സമർപ്പിക്കുക.'

3. ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട കുമാരി . നിദാഫാത്തിമയുടെ കുടുംബം അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിലെ സ്ഥിര താമസക്കാരാണ് . കുമാരി

നിദാഫാത്തിമ (10 വയസ്സ്) നീർക്കുന്നം എസ്.ഡി.വി. ഗവൺമെന്റ് യു.പി.എസിലെ അഞ്ചാം തരം വിദ്യാർത്ഥിനി ആയിരുന്നെന്നും പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയിരുന്നുവെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുമാരി. നിദാഫാത്തിമയുടെ പിതാവ് ശ്രീ. ഷിഹാബുദ്ദീൻ (37 വയസ്സ്) ഓട്ടോ ഡ്രൈവറും മാതാവ് അൻസില (32 വയസ്സ്) തൊഴിൽ രഹിതയുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണ്; കുടുംബത്തിന് സ്വന്തമായി വീടില്ലാത്തതിനാൽ വാടക വീട്ടിലാണ് താമസിച്ചു വരുന്നത് എന്നീ വിവരങ്ങൾ ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരേതയുടെ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, ആധാർ കാർഡ് റേഷൻ കാർഡ്, പിതാവിന്റെ ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ സമർപ്പിച്ചിട്ടുണ്ട് .പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ "Opinion reserved for histopathological and chemical analysis reports"എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് .

4. കുമാരി. നിദാഫാത്തിമയുടെ മരണം കേരളത്തിനു പുറത്ത് നടന്നതിനാൽ പോലീസ് അധികാരികളിൽ നിന്നുള്ള റിപ്പോർട്ട് , കെമിക്കൽ അനാലിസിസ് റിപ്പോർട്ട് എന്നിവ ലഭിക്കാൻ ഉദ്ദേശം ഒരു വർഷമെങ്കിലും എടുക്കും എന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ

ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട കാര്യം**

ദേശീയ സൈക്കിൾ പോളോ മത്സരത്തിൽ പങ്കെടുക്കുന്നതിനായി നാഗ്പൂരിൽ എത്തി അവിടെ വെച്ച് അസുഖ ബാധിതയായി 22.12.2022-ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ നോർത്ത് വില്ലേജിൽ കുമാരി. നിദാഫാത്തിമയുടെ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ; എങ്കിൽ എത്ര?